# സമർപ്പിതരുടെ വർഷം

*Prot. No.10/2014/Cir.*

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

**ആമുഖം**

കത്തോലിക്കാസഭ സാർവത്രികമായി 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിതരുടെ വർഷമായി ആഘോഷിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സന്ന്യാസജീവിതത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെയും 50-ാം വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപാപ്പാ സമർപ്പിതരുടെ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്.

**സമർപ്പിതവർഷത്തിന്റെ ലക്ഷ്യങ്ങൾ**

സമർപ്പിതരുടെ വർഷം പ്രധാനമായും ഊന്നൽ നല്കുന്നത് മൂന്നു കാര്യങ്ങൾക്കാണ്. ഒന്ന്, സമർപ്പണജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുകയും അവിടത്തെ സ്തുതിക്കുകയും ചെയ്യുക.

രണ്ട്, മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക.

മൂന്ന്, കൂടുതൽ പ്രകാശിതമായ വിശ്വാസത്താൽ തങ്ങളുടെ ജീവിതവഴിയിൽ ആത്മാവ് വർഷിച്ച ദൈവികദാനങ്ങൾ വ്യത്യസ്ത സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു കണ്ടെത്താൻ ശ്രമിക്കുക.

**സമർപ്പിതസമൂഹങ്ങളുടെ പ്രവാചകദൗത്യം**

സഭയുടെ ചരിത്രത്തിൽ സമർപ്പിതസമൂഹങ്ങൾ എന്നും ഒരു പ്രവാചകദൗത്യം നിറവേറ്റിയിട്ടുണ്ട്. പ്രവാചകൻ മുഖ്യമായും വർത്തമാനകാലത്തിലും സാഹചര്യങ്ങളിലും ദൈവേഷ്ടം അറിയിക്കുന്നവനാണ്. സഭയിലും സമൂഹത്തിലും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി പ്രത്യുത്തരം നല്കാനാണ് സമർപ്പിതസമൂഹങ്ങൾ സ്ഥാപിതമായത്. വലിയ പീഡനത്തിന്റെയും പ്രവാസത്തിന്റെയും നാളുകളിൽ വിശുദ്ധ ബെനഡിക്ട് സഭയുടെ ആഗോളവ്യാപനത്തിന് സമൂഹങ്ങൾ സൃഷ്ടിച്ചു. അവ അവയുടെ ചുറ്റുപാടുകളിൽ സ്ഥിരത കൈവരിക്കാൻ ഇടയാക്കി. സഭയും സമൂഹവും ഫ്യൂഡൽ വ്യവസ്ഥിതിക്ക് വിധേയമായപ്പോൾ വിശുദ്ധ ഫ്രാൻസീസ് ദാരിദ്ര്യത്തോടുള്ള സംവേദനക്ഷമത ഉണർത്തി. ശക്തവും ശുദ്ധവുമായ വിശ്വാസത്തിനു വേണ്ടിയുള്ള കത്താറുകളുടെ ആഗ്രഹം വിശുദ്ധ ഡോമിനിക് തന്റേതാക്കി. നവോത്ഥാനത്തോടു പ്രത്യുത്തരിച്ചുകൊണ്ട് ക്രിസ്തുവെന്ന വ്യക്തിയിലേക്ക് മാത്രം ജീവിതത്തെ വീണ്ടും നയിക്കാൻ വിശുദ്ധ ഇഗ്നേഷ്യസ് ശ്രമിച്ചു. 19-ാം നൂറ്റാണ്ടിൽ അനേകം സമർപ്പിതസമൂഹങ്ങൾ കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ ജന്മമെടുത്തു. ദൈവത്തിൽ നിന്നുവരുന്ന ഒരു വിളിക്കുള്ള പ്രവാചകപ്രത്യുത്തരമാണ് ഇവിടെയെല്ലാം നാം കാണുന്നത്.

**നവീകരണത്തിനുള്ള അവസരം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്ക് മുഴുവനും, സമർപ്പിതജീവിതക്കാർക്ക് പ്രത്യേകമായും പരിശുദ്ധാത്മാവിന്റെ വലിയൊരു നിശ്വസനമായിരുന്നു. സമർപ്പിതർ കഴിഞ്ഞ 50 വർഷം തങ്ങളുടെ ജീവിതനവീകരണത്തിന്റെ ഫലപ്രദമായ ഒരു യാത്രയാണ് നടത്തിയതെന്നതിൽ സംശയമില്ല. കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനങ്ങളോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതിജ്ഞാബദ്ധതയും നവീകരിക്കാനാണ് കൗൺസിൽ സമർപ്പിതരോട് ആവശ്യപ്പെട്ടത്. അത് നിരന്തരം തുടരേണ്ട ഒരു പ്രക്രിയയാണ്. സ്വന്തം ശക്തിയോ കഴിവോ കൊണ്ടല്ല, മറിച്ച്, കർത്താവിലുള്ള വിശ്വാസാശ്രയം കൊണ്ട് എല്ലാം നവീകരിക്കാൻ കഴിയുമെന്ന വലിയ പ്രതീക്ഷ ഉണ്ടാകണം. ഫ്രാൻസീസ് പാപ്പാ പറയുന്നതുപോലെ ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രതീക്ഷ (സുവിശേഷസന്തോഷം, 86) യുടെ പ്രതീകമായി സമർപ്പിതർ മാറണം.

ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരികസമാധാനമന്വേഷിക്കൽ, ദിവ്യകാരുണ്യ കേന്ദ്രീകൃത ജീവിതം, നിരന്തരമായ പ്രാർത്ഥന, ദൈവവചനധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപര മായ സന്തോഷം എന്നിവ ജീവിതശൈലിയാക്കിയാൽ ഇന്നത്തെ ലോകത്തിന് സമർപ്പിതർ വെളിച്ചം പകരും.

**കുടുംബനവീകരണത്തിനായി പ്രവർത്തിക്കണം**

സഭ ഇക്കാലഘട്ടിൽ പ്രത്യേകവിധമായി കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നു. കുടുംബങ്ങൾ അനേകം വെല്ലു വിളികൾ നേരിടുന്ന ഇന്ന് കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കാൻ കുടുംബങ്ങളെ സഹായി ക്കാൻ സമർപ്പിതർ മുന്നോട്ടുവരണം. ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, വിവാഹത്തകർച്ച, മിശ്രവിവാഹ ങ്ങൾ, ജനനനിരക്ക് കുറയൽ, മദ്യം-മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ സമർപ്പിതർ നിലകൊള്ള ണം. കുടുംബകേന്ദ്രീകൃത അജപാലനത്തിന് സമർപ്പിതർ ഊന്നൽ നല്കണമെന്നർത്ഥം. ഒരു ദൈവവിളി മറ്റൊരു ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാകുകയാണല്ലോ വേണ്ടത്. ഹോം മിഷൻ, ധ്യാനങ്ങൾ, കൗൺസലിങ് എന്നിവ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റുമായി ബന്ധപ്പെട്ട്, രൂപതയിലെ പല കോൺഗ്രിഗേ ഷനുകൾ ഒന്നിച്ച് നടപ്പാക്കാൻ ശ്രമിക്കണം. ക്രിസ്തീയകുടുംബങ്ങളിൽ വിശുദ്ധി നിറയാൻ പ്രാർത്ഥിക്ക ുകയും പ്രവർത്തിക്കുകയും ചെയ്ത രണ്ടു വിശുദ്ധരെ സമർപ്പിതവർഷത്തിന്റെ ആരംഭത്തിൽ കേരളസഭയ്ക്ക് ലഭിച്ചിരിക്കുന്നതുതന്നെ അതിന് സമർപ്പിതർക്ക് പ്രചോദനമാകുന്നു.

കുടുംബങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വ്യാപിപ്പിക്കുന്നതിനും സുവിശേഷോപദേശങ്ങളുടെ വഴിയിൽ ആഴത്തിൽ സഞ്ചരിക്കുന്നതിനും കുട്ടികളിൽ ഒരാളെ കർത്താവിനു വിട്ടുകൊടുക്കാനുള്ള ഒരാഗ്രഹം മാതാപിതാക്കന്മാർ ഹൃദയത്തിൽ സൂക്ഷി ക്കുകയും പ്രാർത്ഥിക്കുകയും വേണം. ദാമ്പത്യസ്നേഹത്തിന്റെ മറ്റൊരു ഫലവും ഇതിനെക്കാൾ സുന്ദരമ ല്ലെന്ന് ഓർക്കണം. മാതാപിതാക്കന്മാർ സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിച്ചാലേ മക്കൾക്ക് വിളി തിരി ച്ചറിയാനും സ്വീകരിക്കാനും നേരിടേണ്ട ത്യാഗങ്ങളുടെ ആവശ്യം മനസ്സിലാക്കാനും കഴിയൂ. എന്തെന്നാൽ, കുടുംബത്തിലാണ് സുവിശേഷമൂല്യങ്ങളുടെയും ദൈവത്തിനും സഹോദരങ്ങൾക്കും ആത്മദാനമാകുന്ന സ്നേഹത്തിന്റെയും ആദ്യാനുഭവം കുട്ടികൾക്ക് ഉണ്ടാകുന്നത്. അത്യുന്നതമായ ആധ്യാത്മിക യാഥാർത്ഥ്യ ങ്ങൾക്കനുസൃതമായി ജീവിക്കുന്നതിന് മക്കൾ സജ്ജീകൃതരാകണം (cf. സമർപ്പിതജീവിതം, 107).

**ഉപസംഹാരം**

സമർപ്പിതരുടെ ഈ വർഷം സമർപ്പിതജീവിതം കൂടുതൽ അഗാധമായി മനസ്സിലാക്കാൻ ഇടയാകട്ടെ. സഭ യിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കാനുമായി പരിശുദ്ധാത്മാവ് നല്കുന്ന ദാനമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കാനും ഇടയാകട്ടെ. സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയോടും അവളുടെ പ്രബോധനാധി കാരത്തോടും ഉള്ള സമ്പൂർണഐക്യത്തിൽ നമ്മുടെ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ ആധ്യാത്മി കവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ തയ്യാറാകട്ടെ.

സമർപ്പിതവർഷം ഏറ്റവും വലിയ സമർപ്പിതയായ പരിശുദ്ധ കന്യകമറിയത്തെ അനുകരിച്ചുകൊണ്ട് ആചരി ക്കാനും ആധ്യാത്മികവും അപ്പസ്തോലികവുമായ നവീകരണം സമർപ്പിതസമൂഹങ്ങൾക്ക് ഉണ്ടാകാനും ഇട യാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

പൈതൃകാശിസ്സുകളോടെ,

ഈശോ മറിയത്തിൽ,

**✠ സ്റ്റാൻലി റോമൻ**
**കൊല്ലം മെത്രാൻ**

---

***NB:*** *ഈ ഇടയലേഖനം 2014 നവംബർ 23-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*